LIBRARY ARCHIVES Kerala Legislative Assembly

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണം, കോർബാങ്കിംഗ്, എ.ടി.എം. സംവിധാനം, സാങ്കേതിക നവീകരണം, ആധുനിക സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായി തുക വകയിരുത്തുന്നുണ്ട്. 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിലായി 54 പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾക്കും 6 ജില്ലാ സഹകരണ ബാങ്കുകൾക്കുമായി 722.5 ലക്ഷം രൂപ ധനസഹായമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷവും ടി പദ്ധതിയിനത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. സംഘങ്ങളിൽ നിന്ന് ക്രമപ്രകാരമുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അർഹമായ ധനസഹായം അനുവദിക്കുന്നതാണ്.

(ബി) പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളുടെ കമ്പ്യൂട്ടർവത്കരണത്തിന് ഒരു പൊതു ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടില്ല. സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖലയും ഇടപാടുകാരുടെ സൗകര്യവും കണക്കിലെടുത്ത് അനുയോജ്യമായ സംവിധാനം/പദ്ധതി തെരഞ്ഞെടുക്കേണ്ടത് അതാത് സംഘം ഭരണ സമിതിയാണ്. സംഘം ഭരണ സമിതി തെരഞ്ഞെടുത്ത സംവിധാനം/പദ്ധതിക്കനുസൃതമായാണ് ധനസഹായം അനുവദിച്ചുവരുന്നത്.

സേവനാവകാശ നിയമം നടപ്പിലാക്കുന്നതിന്റെ പുരോഗതി

81 (7917) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണവകുപ്പിൽ സേവനാവകാശനിയമം നടപ്പിലാക്കുന്നതിന്റെ പുരോഗതി അവലോകനം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 8-4-2014-ലെ 16203/ എ.ആർ./ 12(1)/2013/ഉ.ഭ.പ.വ.നമ്പർ സർക്കുലറിലെ നിർദ്ദേശാനുസരണം സേവനാവകാശ നിയമം നടപ്പിലാക്കുന്നതിനുള്ള നോഡൽ ഓഫീസർമാരെ നിയമിച്ചുകൊണ്ടും നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് ഓരോ മാസവും അവലോകനം ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുന്നതിനും സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്.